# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 468
## 29.11.2018 ലെ മറുപടിക്ക്
### <u>എം.എൽ.എ.മാരുടെ എ.ഡി.എഫ്. ഫണ്ട്</u>

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>എം.എൽ.എ.മാരുടെ എ.ഡി.എഫ് ഫണ്ടിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;</td><td rowspan="2">നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) യുടെ നടപടി ക്രമങ്ങൾ കൂടുതൽ വേഗത്തിൽ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി ഇപ്പോൾ കളക്ടേറ്റുകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നം. 119/2018/ധന തീയതി 04/08/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 പ്രകാരം ബഹു. എം.എൽ.എ മാർ സമർപ്പിക്കുന്ന ശിപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതി രേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ച്ചകം തന്നെ ഭരണാനുമതി നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>എ.ഡി.എഫ് ഫണ്ട് പ്രവൃത്തികൾക്ക് എം.എൽ.എ.മാർ ശുപാർശ സമർപ്പിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കണം എന്ന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**